No.10/2018/SRG/LSGD(6)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 11.00 മണിക്ക് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. പദ്ധതി പുരോഗതി - അവലോകനം -

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിപുരോഗതി യോഗം അവലോകനം ചെയ്തു. 05.09.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 24.16 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 25.49 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പത്തനംതിട്ട ജില്ലയിലും (28.06 ശതമാനം) ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ് (20.14 ശതമാനം). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 24.41 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 28.05 ” |
| ജില്ലാ പഞ്ചായത്ത് | 21.3 ” |
| മുനിസിപ്പാലിറ്റി | 25.29 ” |
| കോർപ്പറേഷൻ | 20.28 ” |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | | |
|---|---|---|---|
| പത്തനംതിട്ട | 28.06 ശതമാനം | കൊല്ലം | 23.61 ശതമാനം |
| കോഴിക്കോട് | 27.56 ” | തിരുവനന്തപുരം | 23.49 ” |
| പാലക്കാട് | 26.77 ” | വയനാട് | 23.35 ” |
| കണ്ണൂർ | 26.41 ” | എറണാകുളം | 22.53 ” |
| കാസറഗോഡ് | 25.12 ” | ആലപ്പുഴ | 22.16 ” |
| തൃശ്ശൂർ | 24.02 ” | കോട്ടയം | 20.95 ” |
| മലപ്പുറം | 23.98 ” | ഇടുക്കി | 20.14 ” |

### 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 27.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.3**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.18 -ലെ കത്തും 31.05.2018 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ഇ.എം.എസ് സ്പോർടസ് ആന്റ് ഗെയിംസ് അക്കാദമിയെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കായിക പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ്/നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അനുവാദം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- അനുമതി നൽകുന്നില്ല. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാൻ സ്പോർട്സ് കൗൺസിലിന്റെ സഹകരണം തേടാൻ നിർദ്ദേശിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**2.2 18.07.2018-ലെ കോഓർഡിനേഷൻ കമ്മറ്റി യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക4.4**

**അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2018-ലെ 1257/2018/ROI / DPM/ നമ്പർ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.07.2018-ലെ കത്തും (SRG 451/18)**

ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ ''താന്ന്യം ഗ്രാമപഞ്ചായത്ത് പെരിങ്ങോട്ടുകര അസോസിയേഷൻ'' എന്ന സൊസൈറ്റി താന്ന്യം ഗ്രാമപഞ്ചായത്തിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടുണ്ട്. 4 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 9 മെഷീൻ ഉണ്ട്. ഡയാലിസിസ് സൗജന്യമായാണ് ചെയ്യുന്നതെന്നറിയിച്ചിട്ടുണ്ട്. ഈ സൊസൈറ്റിക്ക് രണ്ട് ഡയാലിസിസ് മെഷീനും അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് 14.00 ലക്ഷം രൂപ (പ്രോ.നം. 74/19-വികസനഫണ്ട്) വകയിരുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

തീരുമാനം:- തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ആരായാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**ഖണ്ഡിക 4.16**

**താനൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ കളക്ടറുടെ 30.06.2018-400/18-19/DPC/DPO/MPM നമ്പർ കത്തും താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2018-ലെ D-2/2018-ാം നമ്പർ കത്തും (SRG 411/18)**

(i) ബ്ലോക്ക് പഞ്ചായത്ത് 2018-19-ൽ നൂതന പ്രോജക്ട് എന്ന ഗണത്തിൽപ്പെടുത്തി അടുക്കള നവീകരണം എന്ന പ്രോജക്ടിന് (പ്രോ.നം.131/18 അടങ്കൽ15,40,000/-രൂപ) അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു ഈ തുക കൂടി പ്രളയത്തിൽ തകർന്ന ആസ്തികൾ പുനഃസൃഷ്ടിക്കാൻ മുൻഗണന നൽകി ഉപയോഗിക്കണം.

നടപടി:- നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

## 2.3 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.4**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചു കൊണ്ട് 25.07.2018-ൽ ഉത്തരവായിട്ടുണ്ട്. അംഗൻവാടി ടീച്ചർക്കും സഹായികൾക്കും നൽകേണ്ട അധിക വിഹിതം എന്ന നിലയിൽ 72,44,74,500/- രൂപ സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പിന്റെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന രണ്ടാം ഗഡുവിൽ നിന്ന് ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും സെക്രട്ടറിമാർ ഈ തുക "2235- 02-102-05 - Deduct Amount transferred from Development Fund Towards Honorarium & Allowances of Anganwady Workers and Helpers (NP)" എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്മേൽ സാമൂഹ്യനീതി ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞു. ഈ തുക സാമൂഹ്യനീതി വകുപ്പ് വകയിരുത്തിയിട്ടില്ലാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണമെന്ന് സാമൂഹ്യ നീതി ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം :-** എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈ തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം.

നടപടി:-1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്

**ഖണ്ഡിക 3.5**

കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , നഗരസഭകൾ, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പെർഫോർമൻസ് ടീമിനും സെപ്റ്റംബർ അവസാനത്തോടെ പരിശീലനം നൽകണം. പരിശീലന മൊഡ്യൂൾ എസ്.ആർ.ജി.യുമായി കില ചർച്ച ചെയ്ത് അന്തിമമാക്കണം.

**നടപടി**:- 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) ഡയറക്ടർ, കില

**ഖണ്ഡിക 3.6**

പ്രോജക്റ്റ് ഫോർമാറ്റ് കൃത്യമായി പൂരിപ്പിക്കുന്നതിനും വെറ്റിംഗ് പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നിർവഹണ/വെറ്റിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം സെപ്റ്റംബറിൽ/ഒക്ടോബറിൽ നടത്തണം. മുൻപ് പരിശീലനം ലഭിച്ചവരെ തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് പരിശീലനത്തിൽ നിന്നൊഴിവാക്കാവുന്നതാണ്. പരിശീലന മൊഡ്യൂൾ എസ്.ആർ.ജി.യുമായി കില ചർച്ച ചെയ്ത് അന്തിമമാക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
2) നടപടി:-ഡയറക്ടർ, കില

**ഖണ്ഡിക 3.7**

2019-20-ലെ വാർഷിക പദ്ധതി 2019 ഡിസംബർ 31-കം പൂർത്തീകരിക്കാവുന്ന രീതിയിൽ നടപടിക്രമങ്ങൾ ആരംഭിക്കാനും ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാനും എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ഖണ്ഡിക 4.16

**എറണാകുളം ജില്ലാ കളക്ടർ 31.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തു പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ.(SRG/570/18)**

(i) **കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത്**

**കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2018-ലെ A3-377/18/65-ാം നമ്പർ കത്ത്.**

പഞ്ചായത്തിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 43 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ (ഒരാൾക്ക് പരമാവധി 7,500/- രൂപ പ്രോ.നം.64/19 അടങ്കൽ തുക 6,45,000/-) സെപ്റ്റിക് ടാങ്ക് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** തീരപ്രദേശമായതിനാൽ അനുമതി നൽകാമെന്ന് ശുചിത്വ മിഷൻ ശുപാർശ ചെയ്തതനുസരിച്ച് പ്രത്യേക അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ഖണ്ഡിക 4.27

**എറണാകുളം ജില്ലാ കളക്ടറുടെ 02.08.18 ലെ 59037/18/DPO/EKM നമ്പർ കത്ത് (SRG/574/18)**

**(6) പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

**പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2018-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** സംസ്ഥാനത്തെ വിവിധ ഷ്രെഡ്ഡിംഗ് യൂണിറ്റുകളുടെ വരവും ചെലവും പരിശോധിച്ച് ശരാശരി നിരക്ക് ശുപാർശ ചെയ്യാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

ഖണ്ഡിക 4.42

**തുണേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 03.08.2018-ലെ 58704/2018/DPC/KKD/CC നമ്പർ കത്തും തുണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും. (SRG/629/18)**

പഞ്ചായത്ത് 2017-18 ൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു (പ്രോ.നം. 80/18 - അടങ്കൽ 4,00,000/- രൂപ) ആകെ ഗുണഭോക്താക്കൾ 50 പേരാണ് 29 പേർക്ക് 2017-18-ൽ ധനസഹായം നൽകി. 8000/- രൂപ വീതം ശേഷിക്കുന്ന 21

പേർക്ക് ധനസഹായം നൽകാൻ 2018-19 വർഷം സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ശേഷിക്കുന്ന 21 പേർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ അനുമതി നൽകാമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**3. പൊതു വിഷയങ്ങൾ**
================

3.1 പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ചുമതലയുണ്ട്. ഇത് ബഹു.മുഖ്യമന്ത്രി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം ഏറ്റവും ഗുണപരമായ പ്രോജക്ടുകൾക്ക് ഉപയോഗിക്കേണ്ടതാണ്. അത്യാവശ്യം ഇല്ലാത്തതും മാറ്റി വയ്ക്കാവുന്നതുമായ പ്രോജക്ടുകൾ, ഡി.പി.സി/വെറ്റിംഗ് ഓഫീസർ നിരസിച്ച പ്രോജക്ടുകൾ എന്നിവയിലെ വിഹിതം പ്രളയക്കെടുതി മൂലം നശിച്ച ആസ്തികൾ പുനഃസൃഷ്ടിക്കുന്നതിന് ഉപയോഗിക്കണം. ഈ കാര്യത്തിൽ ജില്ലാ ആസൂത്രണസമിതിയും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേക ജാഗ്രത പാലിക്കേണ്ടതും പ്രദേശത്തിന്റേയും പ്രോജക്ടുകളുടേയും സ്വഭാവമനുസരിച്ച് സർക്കാർ നിർദ്ദേശത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഉൾക്കൊണ്ട് തീരുമാനമെടുക്കണം. എന്നാൽ പ്രളയം മൂലം നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത ജില്ലകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഷിക പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനല്ലാതെ അഴിച്ചുപണി നടത്തുവാൻ പാടില്ല.

നടപടി:-1) തദ്ദേശശസ്വയംഭരണ (ഡി.എ) വകുപ്പ്

3.2 പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതി മൂലമുള്ള പുനർ നിർമ്മാണമെന്ന നിലയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ല.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.3 01.11.2017-ലെ DA1/839(1)/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ടെണ്ടർ, റീ ടെണ്ടർ നടപടികൾക്ക് ശേഷവും പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാവാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം 20.00 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതകൾ മുഖേന നിർവ്വഹണം നടത്തുന്നകാര്യം പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ റദ്ദാക്കാൻ തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.4 ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഇത്തരം പ്രോജക്ടുകൾക്ക് പരിശോധനയുടേയും അർഹതയുടേയും അടിസ്ഥാനത്തിൽ പ്രോത്സാഹന സഹായം നൽകുമെന്നും സർക്കാർ ഉത്തരവായിരുന്നു. സംസ്ഥാനത്ത് പ്രളയകെടുതി ഉണ്ടായ സാഹചര്യത്തിൽ പ്രളയകെടുതിയെ അതിജീവിക്കുന്നതിന്റെ ഭാഗമായുള്ള സംയുക്ത പ്രോജക്ടുകൾ കൂടി തയ്യാറാക്കേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾക്ക് മുൻഗണന

നൽകണം. ഇങ്ങനെയുള്ള സംയുക്തപ്രോജക്റ്റുകൾക്കും മറ്റു മാനദണ്ഡങ്ങൾക്കനു സരിച്ച് പ്രോത്സാഹന സഹായം നൽകുന്നതാണ്

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.5 തദ്ദേശഭരണസ്ഥാപനങ്ങൾ സംയുക്ത പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി മാറ്റി അലോട്ട്മെന്റ് രീതി 03.07.18 ലെ 100/2018/Fin നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് ഏർപ്പെടുത്തിയിരുന്നു. പെട്ടെന്ന് ഈ ക്രമീകരണം വന്നതിലൂടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അസൗകര്യം പരിഗണിച്ച് 30.09.2018 വരെ പഴയ രീതി തുടരാൻ (ഫണ്ട് കൈമാറുന്ന രീതി) 16.08.18-ലെ 132/2018/ Fin നമ്പർ പ്രകാരം ധനവകുപ്പ് അനുമതി നൽകിയിരുന്നു. അലോട്ട്മെന്റ് രീതി അവലംബിക്കു ന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോജക്റ്റുകൾ പുനഃക്രമീകരിക്കേണ്ടി വരും. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നത് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ പഴയരീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 30.09.2018 വരെ എന്നത് 31.03.2019 വരെയാക്കുന്നത് പരിഗണിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.6 2014-15, 2015-16 എന്നീ വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 01.08.2018-ലെ 6522/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അവാർഡ് തുകയായി 6 ,05,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. 27 ഗ്രാമപഞ്ചായത്ത്, 6 ബ്ലോക്ക് പഞ്ചായത്ത്, 3 ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് തുക അനുവദിച്ചത്. ഈ തുക വികസനഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. ഇത് അവാർഡ് തുകയായി ലഭിച്ചതിനാൽ മേഖലാ വിഭജനത്തിൽ നിന്ന് ഒഴിവാക്കാനും അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ റസീപ്റ്റ് ആയി സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കാനും തീരുമാനിച്ചു.

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | 2014-15 | 2015-16 | ആകെ |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 1,95,00,000/- | 1,85,00,00/- | 3,80,00,000/- |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75,00,000/- | 60,00,000/- | 1,35,00,000/- |
| 3 | ജില്ലാ പഞ്ചായത്ത് | 45,00,000/- | 45,00,000/- | 90,00,000/- |
| **ആകെ** | | **3,15,00,000/-** | **2,90,00,000/-** | **6,05,00,000/-** |
| | | | | |

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

3.7 കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറിയുടെ 13.08.2018-ലെ 14016/02/2018 പി.സി. നമ്പർ കത്ത്

2018 ഒക്ടോബർ 2-ാം തീയതിയോടെ 2019-20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന്റെ ആരംഭം കുറിക്കണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ കത്ത് യോഗം ചർച്ച ചെയ്തു. കേരളം ഈ നേട്ടം 20 വർഷം മുമ്പ് കൈവരിച്ചതാണെന്നും ജനപങ്കാളിത്തത്തോടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക വികസന പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും യോഗം വിലയിരുത്തി. 2019-20 വർഷത്തിലെ വാർഷിക പദ്ധതി തയ്യാറാക്കി 31.12.2018-നകം പൂർത്തീകരിക്കാനുള്ള പ്രാഥമിക നടപടി ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര പഞ്ചായത്തു മന്ത്രാലയത്തിന്റെ കത്തിലെ നിർദ്ദേശപ്രകാരം ഗ്രാമസഭാ/വാർഡു സഭാ യോഗങ്ങൾ ചേരുന്നതടക്കമുള്ള തുടർ നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

**തീരുമാനം :-** 2019-20-ലെ വാർഷിക പദ്ധതി നവംബർ ഡിസംബർ മാസത്തിൽ തയ്യാറാക്കി 31-ാം തീയതിക്കകം ജില്ലാ ആസൂത്രണസമിതി അംഗീകരിക്കത്തക്ക രീതിയിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കാലപരിധിക്കകം പൂർത്തീകരിക്കാനുള്ള നടപടികൾ വകുപ്പുമേധാവികളും തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.8 പാണ്ടനാട്, തിരുവൻവണ്ടൂർ, റാന്നി അടക്കം പല പഞ്ചായത്തുകളിലും പ്രളയത്തെ ത്തുടർന്ന് കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ നശിച്ചുപോയി. ഇത്തരം ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ കഴിയുന്നവ റിപ്പയർ ചെയ്യുകയും അല്ലെങ്കിൽ അടിയന്തിരമായി വാങ്ങി ഓഫീസ് പ്രവർത്തനം സുഗമമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. കൂടാതെ ഇതിനകം ഇത്തരം ഉപകരണങ്ങൾവാങ്ങിയിട്ടുണ്ടെങ്കിൽ അവയ്ക്കും സാധൂകരണം നൽകാനും തീരുമാനിച്ചു. ഇതിന്റെ കണക്ക് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരും ഗ്രാമവികസന കമ്മീഷണറും എടുക്കണം. ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ വകുപ്പ മേധാവികളെ ചുമതലപ്പെടുത്തി.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

3.9 കുട്ടനാട് പോലെ കുടിവെള്ള പ്രശ്നമുള്ളിടത്ത് കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ക്രമീകരണം ചെയ്യണം. നിലവിലെ കിയോസ്കുകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കണം. പുതിയ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കേണ്ടതിന് ആവശ്യമെങ്കിൽ വാട്ടർ ടാങ്കുകൾ വാങ്ങണം. കിണറുകൾ സാനിട്ടേഷൻ നടത്തുന്നതുവരെ KWAയുടെ ശുദ്ധീകരിച്ച വെള്ളം ടാങ്കർ ലോറികളിൽ വിതരണം മുടക്കം കൂടാതെ നടത്തണം. ഉൾപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന

തിന് വീതി കുറഞ്ഞ റോഡുകൾക്കനുയോജ്യമായ വാഹനം വാടകയ്ക്കെടുക്കണം. ആവശ്യമെങ്കിൽ ബോട്ടുകളോ വള്ളങ്ങളോ ഉപയോഗിച്ചും കുടിവെള്ള വിതരണം നടത്താം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.10 പ്രളയമേഖലയിൽ തകർന്ന റോഡുകൾ ഉപയോഗയോഗ്യമാക്കുന്നതിന് 23.08.2018-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരം തുക കണ്ടെത്തണം. തുക തികയാതെ വന്നാൽ പുതിയ റോഡുകൾക്കുമുള്ള പ്രോജക്റ്റ് ഒഴിവാക്കി തുക കണ്ടെത്തണം

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.11 ഗതാഗതം പുനസ്ഥാപിക്കുന്നതിനുള്ള നടപടിയും കെട്ടിടങ്ങളുടെ റിപ്പയറിംഗും കഴിവതും വേഗം നടത്തേണ്ടതാണ്. കെട്ടിടത്തിന് റിപ്പയർ ചെയ്യാനാവാത്തവിധം നശിച്ച സ്ഥലങ്ങളിൽ തൽക്കാലം വാടകയ്ക്ക് കെട്ടിടമെടുത്ത് ഓഫീസിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റണം. പുതിയവ നിർമ്മിക്കാനുള്ള നടപടി പിന്നീട് ആരംഭിക്കാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.12 പ്രളയക്കെടുതിയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായം സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിപുലമായ പ്രചരണം നടത്തണം. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ അർഹരായവർക്ക് എത്തുന്നതിന് ഇത് സഹായകരമാകും.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.13 കുട്ടനാട് പ്രദേശത്ത് പലയിടത്തും കക്കൂസ് റിപ്പയറിംഗ് ആവശ്യമുണ്ട് എന്നു യോഗം വിലയിരുത്തി. ഇത്തരം കക്കൂസുകളുടെ റിപ്പയറിംഗ് കുട്ടനാട് മേഖലയിലെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. എന്നാൽ ഇപ്പോഴും വെള്ളം കയറിക്കിടക്കുന്നിടത്ത് വെള്ളം ഇറങ്ങിയതിനുശേഷം റിപ്പയറിംഗ് നടത്തിയാൽ മതി . കുട്ടനാട് പ്രദേശത്ത് അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

കൂടാതെ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ പൊതു സ്ഥാപനങ്ങളിലെ ശൗചാലയങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുനർനിർമ്മിക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

3.14 പ്രളയക്കെടുതിയുടെ പ്രത്യേക പശ്ചാത്തലത്തിൽ പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും കന്നുകാലികളെ നൽകുന്ന പ്രോജക്റ്റ് ഏറ്റെടുക്കാൻ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരമായിരിക്കണം

ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ ഈ പദ്ധതി നടപ്പാക്കേണ്ടത്. പ്രളയക്കെടുതിമൂലം കുറവു വന്ന സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തുനിന്നു വാങ്ങേണ്ടതാണ്. സുതാര്യമായ രീതിയിൽ ഗുണമേന്മയുള്ള കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തു നിന്നു വാങ്ങുന്നതിന് വെറ്ററിനറി ഡോക്ടർമാരും തദ്ദേശഭരണ സ്ഥാപനങ്ങളും അനുയോജ്യമായ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണം. ഇതിനായി വാങ്ങുന്ന ആളിന്റേയും വിൽക്കുന്ന ആളിന്റേയും ആധാർ വിവരങ്ങൾ കൈമാറാവുന്നതാണ്. എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് നിർബന്ധമാണ്. കന്നുകാലികളെ നൽകിയതിനുശേഷം തുടർന്നുള്ള വർഷങ്ങളിലും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം. കർഷകർക്ക് കറവ പശുക്കളെ വാങ്ങുന്നത് ബാങ്കു ലോൺ വഴിയാക്കുകയും അതിനെ പരമാവധി പ്രോത്സാഹിപ്പിക്കുകയും വേണം. ഇങ്ങനെ വാങ്ങുന്ന ലോണിന്റെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതിയിൽ പരിഗണിക്കേണ്ടതാണ്. അതായത് ക്ഷീര കർഷകർക്ക് പലിശ രഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കണം

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.15 ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ ഇവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളും വെറ്ററിനറി ഡോക്ടർമാരും പ്രത്യേകം ഇടപെടൽ നടത്തേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.16 കൈമാറ്റം ചെയ്തതും അല്ലാത്തവരുമായ എല്ലാ ഉദ്യോഗസ്ഥരുടേയും യോഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ വിളിച്ച് ചേർത്ത് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മറ്റു പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തണം. ആവശ്യമായ ഇടപെടൽ നടത്തണം.

നടപടി:-1) തദ്ദേശശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.17 കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ പ്ലാന്റിലെ മാലിന്യങ്ങൾ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തേയ്ക്ക് വ്യാപിച്ചത് സംബന്ധിച്ച് അടിയന്തിര നടപടി തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കണം. ആവശ്യമായ ഇടപെടൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

3.18 പ്രളയം വ്യാപക നാശം വിതച്ച തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കാൻ കാലതാമസം നേരിടുന്നു. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം ആവശ്യമെങ്കിൽ 30 ദിവസത്തേയ്ക്ക് ഇതിൽ പ്രാവീണ്യമുള്ളവരെ ദിവസ വേതാനാടിസ്ഥാനത്തിൽ/കരാർ വ്യവസ്ഥയിൽ എടുക്കാൻ അനുമതി നൽകുന്നു. ഇതിനുവേണ്ട തുക പദ്ധതി ആസൂത്രണ ചെലവിനായി മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ഇതോടൊപ്പം റിട്ടയർ ചെയ്ത എഞ്ചിനീയർമാർ, എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, ലഭ്യമായ മറ്റു വിദഗ്ധർ എന്നിവരുടെ സന്നദ്ധ സേവനം

ഉപയോഗിപ്പെടുത്തണം. ഇത്തരം വോളണ്ടിയർ സേവനം ഉപയോഗിക്കുന്നതിന് ആവശ്യമായ ഇടപെടൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നടത്തണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

3.19 പാലക്കാട് നഗരസഭ റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് വിശദ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ സ്വീകാര്യത പരിശോധിച്ച് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യത പിന്നീട് പരിശോധിക്കുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.20 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ ഏതൊക്കയാണെന്ന് തിട്ടപ്പെടുത്തി കണക്കെടുക്കണം. ഇത് പുനഃസൃഷ്ടിക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കണം. നഷ്ടപ്പെട്ട രേഖകളുടെ കണക്കെടുക്കുന്നതിന് സർട്ടിഫിക്കറ്റ് റിട്രീവൽ അദാലത്ത് ഐ.കെ.എം. നടത്തുന്നുണ്ട്.ഇത് ഫലപ്രദമാക്കി നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ നൽകാൻ ക്രമീകരണം ഉണ്ടാക്കണം. ഭാവിയിൽ ഇത്തരം പ്രതിസന്ധികൾ ഉണ്ടാകാതിരിക്കാൻ വിവരങ്ങൾ 'ക്ലൗഡി'ൽ കൂടി സ്റ്റോർ ചെയ്യുന്നതിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്

3.21 തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രളയക്കെടുതി നേരിടുന്നതിന് സർക്കാർ വകുപ്പുകളുടേയും മറ്റ് മേഖലകളിലേയും വിഭവ സ്രോതസ്സ് ഉപയോഗിക്കണം. റോഡുകൾ,സ്കൂൾ കെട്ടിടം, അങ്കണവാടി കെട്ടിടം, ടോയ് ലറ്റുകൾ എന്നിവയുടെ പുനർ നിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് സന്നദ്ധ സേവനം, MPLAD, MLASDF,CSR വിഹിതം, സ്പോൺസർഷിപ്പ് എന്നീ വിഭവ സ്രോതസ്സ് പരമാവധി ഉപയോഗപ്പെടുത്തണം. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പണപിരിവ് നടത്തരുത്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.22 MGNREGS വഴി 50 അധിക തൊഴിൽ ദിനങ്ങൾ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനായി പുതുക്കിയ ലേബർ ബഡ്ജറ്റ് തയ്യാറാക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ പുരുഷൻമാരുടെ പങ്കാളിത്തം കൂട്ടണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

3.23 ഇപ്പോഴുണ്ടായ പ്രളയത്തിന്റെ അനുഭവം ഉൾക്കൊണ്ട് ഭാവിയിൽ വിവിധോദ്ദേശ്യ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം. ഇപ്പോഴുള്ള സ്കൂളുകൾക്കും മറ്റും ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യം ഒരുക്കുന്നതിനോടൊപ്പം ഇത്തരം മികച്ച സൗകര്യങ്ങൾ കമ്മ്യൂണിറ്റി ഹാളിനും ഉണ്ടാകണം. പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലുള്ള ഇത്തരം

സ്ഥാപനങ്ങൾ കണ്ടെത്തി അടിയന്തിര ഘട്ടത്തിൽ ഉപയോഗിക്കാൻ പര്യാപ്തമാക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

3.24 കേരളത്തിൽ സംഭവിച്ച പേമാരിയും മണ്ണിടിച്ചിലും കാരണം വീടും ഭൂമിയും നഷ്ടപ്പെട്ടതിന്റേയും വീടുകൾക്ക് സംഭവിച്ച നാശ നഷ്ടത്തിന്റേയും ആധികാരികമായ കണക്കുകൾ ശേഖരിക്കാനായി ഒരു ആപ്ലിക്കേഷൻ ഐ.കെ.എം. തയ്യാറാക്കിയിട്ടുണ്ട്. (https://volunteers.keralarescue.in) സന്നദ്ധ പ്രവർത്തകർ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം ഓരോ വാർഡിലും നേരിട്ട് സന്ദർശിച്ച് മൊബൈൽ ആപ്ലിക്കേഷനിലൂടെ വിവരങ്ങൾ ശേഖരിക്കുകയും അപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഓവർസീയർമാർ/ എഞ്ചിനീയർമാരുടെ പരിശോധനയ്ക്ക് ശേഷം (https://rebuild.lsgkerala.gov.in) അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ മുഖേന ജില്ലാകളക്ടർമാർക്ക് കൈമാറുകയും ചെയ്യുന്ന രീതിയാണ് വികസിപ്പിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്

3.25 നവകേരള സൃഷ്ടിയുടെ ഭാഗമായി സ്വകാര്യ സംരംഭകരെക്കൊണ്ട് പരമാവധി ബാങ്ക് ലോൺ എടുപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കണം. സംരംഭകർക്ക് അനുവദനീയമായ മേഖലകളിൽ പലിശ സബ്സിഡി നൽകുന്ന മാതൃക അവലംബിക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.26 മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് വിവാഹം നടന്ന് 90 ദിവസത്തിനകം അപേക്ഷിക്കണം എന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ഈ ധനസഹായത്തിന് കാലപരിധി 180 ദിവസമായി ദീർഘിപ്പിക്കാൻ യോഗം തീരുമാനിച്ചു. എന്നാൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുകവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകളിന്മേൽ പ്രത്യേകം പരിശോധിച്ച് അനുമതി പരിഗണിക്കാൻ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു. ഇത്തരം ആവശ്യങ്ങൾ ഇനി മുതൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല എന്നും യോഗം തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.27 പ്രളയക്കെടുതി മൂലം പല തദ്ദേശഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകൾ മറ്റ് ഇലക്ട്രോണിക് സാധനങ്ങൾ ഫർണിച്ചറുകൾ എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ ചില ഓഫീസ് കെട്ടിടങ്ങൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കണമെന്ന്

ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരു വിവരം, നാശനഷ്ടത്തിന്റെ കണക്ക്, മറ്റു വിവരങ്ങൾ എന്നിവ തയ്യാറാക്കാൻ പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരേയും ഗ്രാമവികസന കമ്മീഷണറേയും ചുമതലപ്പെടുത്തി.

നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4)ഗ്രാമവികസന കമ്മീഷണർ

3.28 തദ്ദേശഭരണ സ്ഥാപനങ്ങളിൽ കേടുവന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗിനും, തകരാറിലായ സോഫ്റ്റ് വെയർ ശരിയാക്കുന്നതിനും ആവശ്യമെങ്കിൽ ഐ,കെ,എം,ന്റെ കൂടെ സഹായത്തോടെ ക്യാമ്പു നടത്താവുന്നതാണ്.

നടപടി:-1) ഇൻഫർമേഷൻ കേരള മിഷൻ

**3.29 പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.07.2018-ലെ P1-JP316/18-19 -ാം നമ്പർ കത്ത് (SRG/555/18)**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2018-19-ൽ കോക്ലിയർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്കായി 30.00 ലക്ഷം രൂപയും പൊതു വിഭാഗത്തിന് 15.00 ലക്ഷം രൂപയും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 316/19, 317/19) ഈ പ്രോജക്ട് നടപ്പാക്കാൻ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകണമെന്നതിനോടൊപ്പം ആവശ്യമായ വിഷയങ്ങളിൽ തീരുമാനവും എടുക്കണമെന്നതു സംബന്ധിച്ച്.

1) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ ഹോസ്പിറ്റൽ ഏത് വിഭാഗത്തിൽപ്പെട്ടത് (സർക്കാർ/പ്രൈവറ്റ്) എന്നതു സംബന്ധിച്ച ലിസ്റ്റ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പിന്നീട് നൽകുന്നതാണ്.
2) 25 വയസ്സുവരെയുള്ളവർക്ക് കോക്ലിയർ ഇംപ്ലാന്റേഷന് ധനസഹായം നൽകാവുന്നതാണ്.
3) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ഉപകരണങ്ങളുടെ റിപ്പയർ സംബന്ധിച്ച്

കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ ഏകദേശം 2000 പേരുടെ ഉപകരണങ്ങൾക്ക് റിപ്പയറിംഗ് ആവശ്യമുണ്ടെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിനു പകരം ഉപകരണങ്ങൾ KSSM തന്നെ വാങ്ങുന്നതാണ് നല്ലതെന്ന് KSSM എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഇതിന്റെ വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാൻ KSSM എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തൽക്കാലം ഇത്തരം ഉപകരണങ്ങൾ പ്രത്യേകമായി വാങ്ങേണ്ടതില്ല.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്
2)ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

4. പ്രത്യേക വിഷയങ്ങൾ

====================

## 4.1 നീണ്ടൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 09.08.2018-ലെ 490/2018/DPC/DPO/KTM നമ്പർ കത്തും നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.07.2018-ലെ A3-2-2018-ാം നമ്പർ കത്തും (SRG/706/18)**

പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ 14 കുടുംബങ്ങൾക്ക് പ്രത്യേക കക്കൂസ് നിർമ്മിച്ചു നൽകാൻ 1,54,000/- രൂപയും 61,600/- രൂപ തനത് ഫണ്ടും ഉൾപ്പെടുത്തി (ആകെ 2,15,600/- രൂപ) പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം. 42/19 . ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാൻ അനുയോജ്യമായ കക്കൂസ് ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.2 പാലക്കാട് ജില്ലാ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2018-ല 258/18/DPO/PKD/DPC നമ്പർ കത്ത് (SRG 638/18)**

നെല്ലിപ്പുഴ, കുന്തിപ്പുഴ ഉപനദീതട പദ്ധതി രൂപീകരണത്തിന് പാലക്കാട് ജില്ലാ പഞ്ചായത്തും സംസ്ഥാന ലാൻഡ് യൂസ് ബോർഡും 2015-16-ൽ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ പഞ്ചായത്ത് 5.00 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്. ഇതിൽ നിന്ന് മണ്ണാർക്കാട് നഗരസഭയ്ക്ക് 1.00 ലക്ഷം രൂപ കൈമാറാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.3 മംഗലപുരം ഗ്രാമപഞ്ചായത്ത്

**മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2017-ലെ A1-7046/16-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 11.05.2018-ലെ 44376/12-ാം നമ്പർ കത്തും (LSGD - DA1/956/2017/LSGD- SRG 453/18)**

മുരുക്കുംപുഴയിൽ കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്ന് 15.00 ലക്ഷം രൂപ ഉപയോഗിച്ച് 2 സ്പീഡ് ബോട്ടുകൾ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.4 കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 09.08.2018-ലെ 58704/18/DPC/KKD/CC - ം നമ്പർ കത്തും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2018-ലെ C-518/18-ാം നമ്പർ കത്തും (SRG /633/18)**

2018-19-ലെ വാർഷിക പദ്ധതിയിൽ ''യുവ - യുവജന മൂല്യശേഷി വികസന പദ്ധതി'' എന്ന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. അടങ്കൽ 4.00 ലക്ഷം രൂപ. യുവജനങ്ങളിൽ സാമൂഹിക ശാക്തീകരണം, നൈപുണ്യശേഷി വികസനം, കായിക രംഗത്തെ പ്രോത്സാഹനം, സംരംഭകശേഷി വികസനം, വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തൽ തുടങ്ങി യുവജനങ്ങളുടെ സമഗ്ര പുരോഗതിയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.5നാദാപുരം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 02.08.2018-ലെ 58704/2018-/DPC/KKD/CC നമ്പർ കത്തും നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2018-ലെ A1-150/18-ാം നമ്പർ കത്തും (SRG 632/18)**

2018-19 വാർഷിക പദ്ധതിയിൽ ഡിജിറ്റൽ പഞ്ചായത്ത്- സമഗ്ര രേഖ തയ്യാറാക്കൽ - എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ 5.00 ലക്ഷം രൂപ (തനത് ഫണ്ട്) പഞ്ചായത്തിന്റെ വിവിധ ആസ്തികളുടേയും ഭൂപ്രകൃതിയുടേയും പഠനവും മാപ്പിംഗും ആണ് പ്രധാന പ്രവർത്തനം. നിർവഹണ ഏജൻസിയെ ടെണ്ടർ മുഖേന കണ്ടെത്തുന്നു. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ പ്രോജക്ടിന് അനുമതി നൽകാമെന്ന് ഐ.റ്റി. ഡയറക്ടർ കൂടിയായ IKM എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചതിനനുസരിച്ച് അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.6 പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 31.07.2018-ലെ 53063/2018/DPC/DPO/KKD- നമ്പർ കത്ത് - SRG 631/18**

**(i) പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.7.2018-ലെ A4-5747/2018-ാം നമ്പർ കത്ത്**

2016-17 വർഷം ചേർമല കോളനിയിലെ സാംബവ വിഭാഗത്തിന് നിലവിലുള്ള വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് വച്ചു നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. വീടുകളുടെ എണ്ണം 13. പ്രോ.നം. 246/19,അടങ്കൽ 48.00 ലക്ഷം

രൂപ. ഈ പ്രോജക്ട് 2018-19 വർഷം സ്പിൽ ഓവറായി തുടരാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2016-17-ൽ എടുത്ത പ്രോജക്ടാണെങ്കിലും എഗ്രിമെന്റ് വയ്ക്കുകയോ നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ലെന്ന് യോഗം നിരീക്ഷിച്ചു. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഭവനം നൽകുക എന്നതാണ് ലക്ഷ്യം. അതിനാൽ അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**(ii) പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.7.2018-ലെ A4-560/2017-ാം നമ്പർ കത്ത്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ദേവകി, വെള്ളിയോടൻകണ്ടി എന്ന ആളുടെ മകളുടെ വിവാഹം 23.03.2017-ൽ നടന്നെങ്കിലും വിവാഹ ധനസഹായ ത്തിന് അപേക്ഷ നൽകിയത് 07.12.2017-നാണ് കാലതാമസം വന്നതിൽ നിന്നൊഴിവാക്കി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.7 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 30.07.2018-ലെ 2895/2018/DPC/DPO/ALP - നമ്പർ കത്ത്(SRG 596/18)**

**(i) ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2018-ലെ PL/4463/17-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ തീരുമാനവും (ഖണ്ഡിക 4.7 (ii) ( DB1/349/18/LSGD)**

ജില്ലയിൽ പാലിയേറ്റീവ് പ്രവർത്തനം നടത്തുന്ന സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 2018-19-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. (പ്രോ.നം. 18/19 അടങ്കൽ 75.00 ലക്ഷം രൂപ) ഇതിന് അനുമതി വേണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഏതുതരം ഉപകരണങ്ങളാണ് നൽകുന്നതെന്ന വിവരങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ പരിഗണിച്ചില്ല. വിശദാംശങ്ങൾ സഹിതം സമർപ്പിച്ചിരിക്കുന്നു. അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പാലിയേറ്റീവ് പ്രവർത്തനത്തിനുള്ള ഇത്തരം ഉപകരണങ്ങൾ രജിസ്റ്റർ ചെയ്യുതും മികച്ചരീതിയിൽ പ്രവർത്തിക്കുന്നതുമായ സൊസൈറ്റികൾക്ക് നൽകാൻ അനുമതി നൽകുന്നു. എന്നാൽ ഇതോടൊപ്പം പി.എച്ച്.സി.ക്കും ഉപകരണങ്ങൾ നൽകേണ്ടതാണ്. സൊസൈറ്റികൾക്ക് മാത്രമായി നൽകാവുന്നതല്ല.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(ii) **ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ PL/4463/17-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ തീരുമാനവും (ഖണ്ഡിക 4.7 (iii)**

സഞ്ചരിക്കുന്ന കാൻസർ നിർണ്ണയ യൂണിറ്റ് എന്ന പ്രോജക്ട് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 431/18. അടങ്കൽ 40.00 ലക്ഷം രൂപ) വിശദാംശങ്ങൾ ഇല്ലാത്തതിനാൽ 27.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നുവെങ്കിലും അംഗീകരിച്ചില്ല. വാഹനം വാടകയ്ക്കെടുത്ത് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ സംഘം എത്തി ആരംഭത്തിൽ തന്നെ ക്യാൻസർ നിർണ്ണയം നടത്തുകയാണ് ലക്ഷ്യം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** 2016-17, 2017-18 വർഷവും ഈ പ്രോജക്ട് നടപ്പാക്കിയിരുന്നു എന്നു ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച DMOയുടെ റിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ മുഖേന നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(iii) **ആറാട്ടുപുഴ ഗവ. ഫിഷറീസ് ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ 13.07.2018-ലെ 115/2018-ാം നമ്പർ കത്ത്**

ആറാട്ടുപുഴ ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് പ്രത്യേക കോഡ് അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നിലവിലെ രീതിയായ ആറാട്ടുപുഴ ഗവൺമെന്റ് മെഡിക്കൽ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ തന്നെ നിർവഹണ ഉദ്യോഗസ്ഥനായി തുടരേണ്ടതാണ്. ഈ മെഡിക്കൽ ഓഫീസർ നേരിട്ട് പ്രോജക്ട് നടപ്പാക്കുന്നതോടൊപ്പം ഫിഷറീസ് ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ മുഖേനയും ആരോഗ്യ പ്രോജക്ടുകൾ നടപ്പാക്കാനുള്ള ക്രമീകരണം ചെയ്യാവുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.8 ഫോറം ഫോർ കൺസ്യൂമർ ജസ്റ്റിസ് സെക്രട്ടറിയുടെ 07.08.2018-ലെ FFCJ/27/2018-ലെ കത്ത് (SRG 700/18)**

സംസ്ഥാനത്തെ പൊതുകിണറുകളും വീടുകളുടെ സ്വകാര്യ കിണറുകളും ശുചീകരിച്ച് സംരക്ഷിക്കുവാൻ സർക്കാർ സഹായം നൽകുവാൻ നിർദ്ദേശിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.9 തിരുമാറാടി ഗ്രാമപഞ്ചായത്ത്**

**തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ A1-580/18-ാം നമ്പർ കത്ത്.(LSGD - FM3/329/2018-LSGD - SRG 704/18)**

പഞ്ചായത്തിലെ ആശ്രയ ഗുണഭോക്താവായ ശ്രീമതി മേരി തോമ കുന്നക്കാട്ട് എന്ന ആൾക്ക് കുടിവെള്ള കണക്ഷന് എസ്.സി. വിഭാഗത്തിന്റെ നിരക്ക് അനുവദിക്കാൻ അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**4.10 കുമ്പളം ഗ്രാമപഞ്ചായത്ത്**

**കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2018-ലെ B2-3158/18-ാം നമ്പർ കത്ത് (LSGD - DA1-573/2018- LSGD - SRG/705/18)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. രാധാ വിശ്വംഭരൻ വടക്കുംതറ എന്ന ആളുടെ മകളുടെ വിവാഹത്തിന് ധനസഹായം ലഭിക്കാൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചില്ല. ഇവർക്ക് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.11 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.06.2018-ലെ 1991/18-ാം നമ്പർ കത്ത് (LSGD - DA1/578/2018/LSGD - SRG 707/18)**

2017-18 നു മുമ്പുള്ള പ്രോജക്റ്റുകൾ 2018-19 വർഷം സ്പിൽ ഓവറായി തുടരാനുള്ള അനുമതിനൽകണമെന്നും ഇത്തരം പ്രോജക്റ്റുകൾക്ക് അധിക തുക അനുവദിക്കുന്നതും സംബന്ധിച്ച്.

**തീരുമാനം :-**
1) അധികതുക നൽകണമെന്ന ആവശ്യം പരിഗണിച്ചില്ല.
2) നിലവിലെ മാനദണ്ഡപ്രകാരം സ്പിൽ ഓവറായി തുടരാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.12 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2018-ലെ 258/2018/DPO/PKD/DPC നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.**

(i) **കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്**

**കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2018-ലെ A2-9116/17/53/108/19-ാം നമ്പർ കത്ത്**

2018-19 വാർഷിക പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (പ്രോ.നം. 53/19, അടങ്കൽ 4,60,000/ രൂപ), പട്ടിക വർഗ്ഗ വിഭാഗത്തിലെ

വിദ്യാർത്ഥികൾക്ക് സൈക്കിൾ (പ്രോ.നം. 108/19, അടങ്കൽ 50,000 രൂപ) എന്നീ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

(ii) **ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

**ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.08.2018-ലെ A3-100/18-ാം നമ്പർ കത്ത്**

2014-15, 2015-16 വർഷങ്ങളിൽ സ്വരാജ് ട്രോഫി ഇനത്തിൽ ലഭ്യമായ തുക ഉപയോഗിച്ച് പുതിയ പ്രോജക്റ്റ് രൂപീകരിക്കാനും തനത് ഫണ്ട് ഉപയോഗിച്ച് സ്പിൽ ഓവർ പദ്ധതികൾ ചെയ്യുന്നതിനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-**
1) അവാർഡ് തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.
2) ഭേദഗതി ചെയ്യേണ്ട സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ പരിഗണിച്ചില്ല.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

(iii) **മണ്ണാർക്കാട് നഗരസഭ**

**മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിയുടെ 06.08.2018-ലെ A2-1456/2018-ാം നമ്പർ കത്ത്.**

അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും 2017-18-ൽ നൽകേണ്ട അധിക ഓണറേറിയം നൽകുന്നതിന് ഈ വർഷം 6,96,000/- രൂപ വകയിരുത്തി. (പ്രോ.നം. 18/19 വികസനഫണ്ട്) പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി- തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്**

(iv) **മങ്കര ഗ്രാമപഞ്ചായത്ത്**

**മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2018-ലെ A3-3187/18-ാം നമ്പർ കത്ത്**

2017-18-ൽ മാലിന്യ സംസ്കരണ പ്ലാന്റിനു സ്ഥലം വാങ്ങാൻ 10,62,600/- രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. (പ്രോ.നം. 66/18) ഇതിനായി 30 സെന്റ് സ്ഥലം കണ്ടെത്തി കരാറിലേർപ്പെട്ടു. സ്ഥലം 'നിലം' കാറ്റഗറിയിൽപ്പെട്ടതാണ്. മാലിന്യ സംസ്കരണ പ്ലാന്റിന് ഈ സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 'നിലം' വിഭാഗത്തിൽപ്പെട്ട സ്ഥലം ഇതിനായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ/ ആർ.ഡി.ഒ യുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

(v) **പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പിരിയാരി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന തോലാനിക്കാവ് പട്ടികജാതി കോളനിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് (പ്രോ.നം. 29/19 അടങ്കൽ 5.00 ലക്ഷം രൂപ) അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ സാംസ്കാരിക നിലയം നിർമ്മിക്കാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

(vi) **പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ കത്ത്**

അനുപൂരക പോഷകാഹാര പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 37,97,442/- രൂപ ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉണ്ട്. ഈ തുകയിൽ നിന്ന് 30.00 ലക്ഷം രൂപ ഉപയോഗിച്ച് ഈ വർഷം സി.ഡി.പി.ഒയുടെ ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള (പ്രോ.നം. 68/19) പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) ആവശ്യം നിരസിച്ചു. Supplementary Nutrition Programme (SNP) പ്രകാരമുള്ള കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയാനും, കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയാനും ഉപയോഗിക്കേണ്ടതാണ്. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയാൻ ഉപയോഗിക്കേണ്ടതാണ്.
2) ഈ തുക പോഷകാഹാര പരിപാടിക്കായി ചെലവഴിക്കാത്തതിന്റെ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.13 കുടുംബശ്രീ

**കുടുംബശ്രീ ഡയറക്ടറുടെ 12.06.2018-ലെ 7959-D- 2016 - KSHO -ാാം നമ്പർ പ്രകാരം നൽകിയ കുറിപ്പ്**

കുടുംബശ്രീ മുഖേന Reverse Osmosis പ്ലാന്റ് സ്ഥാപിക്കൽ (R O പ്ലാന്റ്) കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ആകെ ചെലവിന്റെ (പരമാവധി 25.5 ലക്ഷം രൂപ) പകുതി തദ്ദേശഭരണ സ്ഥാപനം വഹിക്കണമെന്നും ബാക്കി തുക കുടുംബശ്രീ യൂണിറ്റുകൾ കണ്ടെത്തണമെന്നുമായിരുന്നു കോർഡിനേഷൻ കമ്മിറ്റി തീരുമാനം. ഇതുപ്രകാരം പ്ലാന്റിന്റെ ഉടമസ്ഥതാവകാശം തദ്ദേശഭരണ സ്ഥാപനത്തിനാണ്. കുടുംബശ്രീ ബാങ്ക് ലോൺ തിരിച്ചടച്ച് പൂർത്തിയായതിനുശേഷം വരുമാനം തദ്ദേശഭരണ സ്ഥാപനവുമായി തുല്യമായി വീതം വയ്ക്കണമെന്ന തീരുമാനം പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ താഴെപ്പറയുന്ന നിർദ്ദേശത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

(1) പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന മാതൃക
(2) കുടുംബശ്രീ യൂണിറ്റംഗങ്ങൾ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും വകയിരുത്തുകയും ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം, കെട്ടിടം ആവശ്യമായ ലൈസൻസ് എന്നിവ യൂണിറ്റുകൾക്ക് 10 വർഷത്തെയ്ക്ക് പാട്ടത്തിനു നൽകുന്ന മാതൃക.

നിലവിലെ ആർ.ഒ പ്ലാന്റുകളുടെ പ്രവർത്തനം കുടുംബശ്രീ ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു.

**തീരുമാനം :-**

1) ആർ.ഒ പ്ലാന്റുകൾ പൂർണ്ണശേഷി (capacity)യിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ട ഇടപെടൽ ഊർജ്ജിതമാക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീയോട് യോഗം നിർദ്ദേശിച്ചു.
2) കുടുംബശ്രീ ഡയറക്ടർ നൽകിയ രണ്ടാമത്തെ മാതൃകയ്ക്ക് താഴെ പറയുന്ന ഭേദഗതിയോടെ അനുമതി നൽകുന്നു.
    a. പ്ലാന്റ് തുടങ്ങാനുള്ള സ്ഥലവും കെട്ടിടവും ലൈസൻസും തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കണം. ലാഭത്തിന്റെ ഒരു വിഹിതം തദ്ദേശഭരണസ്ഥാപനത്തിനു നൽകണം. ഇതിന്റെ നിരക്ക് തദ്ദേശഭരണസ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനിക്കണം.
3) പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ യൂണിറ്റുകൾക്ക്

ബാങ്ക് ലോൺ എടുക്കേണ്ടതാണ്. ഇതിന്റെ പലിശ സബ്സിഡിയായി കുടുംബശ്രീ നൽകണം.

4) എല്ലാ കോർപ്പറേഷനുകളിലും നാലെണ്ണം വീതവും ആലപ്പുഴ നഗരസഭയിലും മൂന്നു മാസത്തിനകം ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി കുടുംബശ്രീ ഡയറക്ടർ സ്വീകരിക്കണം. ഈ വർഷാവസാനത്തോടെ 50 പ്ലാന്റുകൾ കുടുംബശ്രീ വഴി സ്ഥാപിക്കണം

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

### 4.14 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 14.08.2018-ലെ Plg - 220/2018-19/DPC/DPO/തിരു.CC -നമ്പർ കത്തും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.08.2018-ലെ BP2/193/18/DTCD/നമ്പർ കത്തും (SRG - 656/18)**

വനിതാ ഗ്രൂപ്പുകൾക്ക് വായ്പാ ബന്ധിതമായി പശുവളർത്തലിന് സബ്സിഡി (പ്രോ.നം.22/19, ആകെ അടങ്കൽ 1,72,40,000/- രൂപ, വികസനഫണ്ട് 58,00,000/- രൂപ) എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് വെറ്റിംഗ് ഓഫീസറും അപ്പീൽ കമ്മിറ്റിയും അംഗീകാരം നൽകിയില്ല. അന്യ സംസ്ഥാനത്തു നിന്നാണ് പശുവിനെ വാങ്ങാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതുപോലെ കേരളത്തിന് പുറത്തു നിന്ന് പശുവിനെ വാങ്ങേണ്ടതും പശുവിനെ ഇൻഷ്വർ ചെയ്യുകയും വേണം എന്ന നിബന്ധന പാലിക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

### 4.15 ചാവക്കാട് മുനിസിപ്പാലിറ്റി

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/ RO1/DPM(2) - നമ്പർ കത്തും ചാവക്കാട് മുനിസിപ്പൽ സെക്രട്ടറിയുടെ 30.07.2018-ലെ E1- 4944/18-ാം നമ്പർ കത്തും. (SRG- 655/18)**

നഗരസഭയിൽ മണത്തല ഗവ. ഹയർസെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ 5.026 കോടി രൂപ. ഇതിൽ 4.85 കോടി രൂപ KIFBയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയായ 17.60 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

### 4.16 Kerala Small Industries Development Corporation Ltd. (SIDCO)

**'സിഡ്കോ' ചെയർമാന്റെ 28.06.2018-ലെ KSCDN/AB/ACCRDTN/395/2014-ാം നമ്പർ കത്ത്.(SRG 547/18)**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ നിർമ്മാണ പ്രവൃത്തികൾ സിഡ്കോയ്ക്ക് നേരിട്ട് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കേണ്ടത് ധനകാര്യവകുപ്പാണ് എന്ന് യോഗം വിലയിരുത്തി. ധനവകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് അനുമതി പരിഗണിക്കുന്നതാണ്

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

### 4.17 ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 08.08.2018-ലെ 58704/2018/DPC/KKD നമ്പർ കത്തും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ A3-6579/18-ാം നമ്പർ കത്തും. (SRG /639/18)**

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കള്ളാടി സമുദായത്തിന്റെ ഉന്നമനത്തിനായി ''ജ്ഞാനശ്രീ കള്ളാടി സമുദായ ഉപപദ്ധതി'' എന്ന പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.100/19 - അടങ്കൽ 15.00 ലക്ഷം രൂപ). ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) നൂതനപ്രോജക്റ്റ് എന്ന നിലയിൽ തയ്യാറാക്കിയ ഇത് ജില്ലാതല വിദഗ്ധ സമിതി പരിശോധിക്കുകയോ അഭിപ്രായം അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് യോഗം വിലയിരുത്തി. ഇത് കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

### 4.18 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 04.08.2018-ലെ 490/18/ DPC/DPO/KM നമ്പർ കത്തും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.08.2018-ലെ B 715/18-ാം നമ്പർ കത്തും**

താഴെപ്പറയുന്ന 2 പ്രോജക്റ്റുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇവ കാറ്റഗറി II സ്പിൽ ഓവറായി 2018-19-ൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതിനാവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും ഉൾപ്പെടുത്താൻ കഴിയുന്നില്ല. ഇത് പരിഹരിക്കണമെന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| 1) പ്രോ.നം.94/19 | വാകത്താനം CHC-യിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മാണം | അടങ്കൽ -5.00 ലക്ഷം രൂപ (വികസനഫണ്ട്) |
| 2) പ്രോ.നം. 91/19 | പട്ടിത്താനം വടക്കേക്കര പാടശേഖരത്തിലെ പുറം ബണ്ട് ബലപ്പെടുത്തൽ | അടങ്കൽ -4.50 ലക്ഷം (വികസനഫണ്ട്) |

**തീരുമാനം :-** ഇതു പരിഹരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.19 എറണാകുളം ജില്ലാ കളക്ടറുടെ 04.08.2018-ലെ 59037/18/DPO/EKM നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.(SRG/602/18)**

**(i) ആലങ്ങാട് ഗ്രാമപഞ്ചായത്ത്**

**ആലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2018-ലെ A3- 5936/18-ാം നമ്പർ കത്തും 11.07.2018-ലെ 3(2) -ാം നമ്പർ ഭരണസമിതി തീരുമാനവും**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്നവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായത്തിന് അപേക്ഷ നൽകിയത് 90 ദിവസത്തിനു ശേഷമാണ്. ഇവർക്ക് വിവാഹ ധനസഹായം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

(a) ശ്രീ. വേലായുധൻ കെ.വി, കണിയ പറമ്പിൽ വീട്
(b) ശ്രീ. ഗംഗാധരൻ മേപ്പള്ളം, നാലുസെന്റ്
(c) ശ്രീമതി.ഓമന സുകു, തൊണ്ടിപ്പറമ്പിൽ

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**(a) തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്തിന്റെ 20.07.2018-ലെ A2-517/18-ാം നമ്പർ പ്രകാരമുള്ള നാലു കത്തുകൾ.**

**30.05.2018-ലെ 5(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

(a) ഗ്രാമപഞ്ചായത്തിൽ BPCL ധനസഹായത്തോടെ (CSR വിഹിതം) വൃദ്ധജനങ്ങൾക്ക് പോഷകാഹാരം എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ല. (പ്രോ.നം. 157/19 - അടങ്കൽ CSR വിഹിതം 5.00 ലക്ഷം രൂപ ) ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പോഷകാഹാരവിതരണം സംബന്ധിച്ച് വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട്ട പരിഗണിക്കും.

**നടപടി-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2)പഞ്ചായത്ത് ഡയറക്ടർ**

**(b) 30.05.2018-ലെ 5(3)-ാം നമ്പർ ഭരണസമിതി തീരുമാനം**

പഞ്ചായത്തിലെ ജന്റർ റിസോഴ്സ് സെന്റർ ഓഫീസുമായി ബന്ധപ്പെട്ട നടക്കുന്ന മീറ്റിംഗ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് തുക ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രോ.നം. 156/19. അടങ്കൽ 2.00 ലക്ഷം രൂപ(വികസനഫണ്ട് 1.80 ലക്ഷം രൂപ, തനത് ഫണ്ട് 0.20 ലക്ഷം രൂപ)

**തീരുമാനം :-** ഇത്തരം ചെലവുകൾക്ക് തനതു ഫണ്ടുപയോഗിക്കേണ്ടതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**(c) 30.05.2018-ലെ 5(1)-ാം നമ്പർ ഭരണസമിതി തീരുമാനം**

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (പട്ടികജാതി വിഭാഗത്തിന്) നൽകുന്ന പ്രോജക്ടിൽ 90 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് (പ്രോ.നം. 135/19 അടങ്കൽ 1,11,600/- രൂപ)

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**(d) 30.05.2018-ലെ 5(4)-ാം നമ്പർ ഭരണസമിതി തീരുമാനം**

2010 വർഷം ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള ഭവന പദ്ധതിയിൻ കീഴിലുള്ള എല്ലാ ഭവനങ്ങളും പൂർത്തീകരിച്ചു. ഈ പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 23,05,086/ രൂപ ബാങ്ക് അക്കൗണ്ടിൽ ഉണ്ട്. (SCSP വഹിതം 22,96,315 രൂപ ജനറൽ വിഹിതം 8771 രൂപ) ലൈഫ് പദ്ധതി പ്രകാരം ആകെ 23 ഭവനങ്ങൾ പുതിയതായി നിർമ്മിക്കണം. ലൈഫ് പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന് SCSP ഫണ്ടിന്റെ കുറവില്ല. മുകളിൽ പറഞ്ഞ തുക ലൈഫ് പദ്ധതിക്ക് (പൊതുവായി) ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ലോൺ എടുക്കാതെ തന്നെ പട്ടികജാതി വിഭാഗ ക്കാരുടെ വീടുകൾ നിർമ്മിക്കാൻ ഈ തുക ഉപയോഗിക്കണം. എസ്.സി. വിഭാഗത്തിന് വീടുകൾ ഇനി ആവശ്യമില്ലെങ്കിൽ ബാക്കി തുക പട്ടികജാതി വിഭാഗത്തിന് വേണ്ടിയുള്ള മറ്റു പ്രോജക്ടിന് ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.20അരിക്കുളം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാകളക്ടറുടെ 14.08.18 ലെ 58704/18/DPC/KKD/CC നമ്പർ കത്തും അരിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.18 ലെ Az-3563/18-ാം നമ്പർ കത്തും.(SRG 709/18)**

ഈ വർഷം ''എന്റെ വിദ്യാലയം ഹരിത വിദ്യാലയം രണ്ടാം ഘട്ടം'' എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോ.നം. 65/19. അടങ്കൽ 1.00 ലക്ഷം രൂപ (വികസനഫണ്ട്). പഞ്ചായത്തിൽ സർക്കാർ സ്കൂളുകൾ ഇല്ല. എയ്ഡഡ് സ്കൂളുകളിൽ ഉദ്യാനത്തിന് മൺചട്ടികൾ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, ഹരിതാവബോധം വളർത്തുന്നതിന് ബോധവൽക്കരണവും ലഘു ഭക്ഷണവും എന്നിവ നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കുടിവെള്ളം, ടോയ് ലെറ്റ് എന്നിവക്കുമാത്രം പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.21തൂണേരി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 21.08.2018-ലെ 58704/18/DPC/KKD/CCനമ്പർ കത്തും തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും (SRG 719/18)**

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് 4.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 34/19) ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഏറ്റവും അർഹരായ മറ്റൊരു ഗുണഭോക്താവിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് (പട്ടികജാതി വിഭാഗക്കാർക്ക്) റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.22 ഫറോക്ക് മുനിസിപ്പാലിറ്റി

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2018-ലെ 53063/2018/ DPC/DPO/KKD നമ്പർ കത്തും ഫറോക്ക് മുനിസിപ്പൽ സെക്രട്ടറിയുടെ 18.07.2018-ലെ A2-2023/18-ാം നമ്പർ കത്തും (SRG/742/18)**

2017-18-ൽ നഗരസഭയുടെ അടിസ്ഥാന വികസനത്തിന് 1.00 കോടി രൂപ അനുവദിച്ചിരുന്നു. 2017-18 വർഷം നഗരസഭയുടെ ഒന്നാം നില നിർമ്മിക്കുന്നതിന് 60.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിൽ 59,68, 527 രൂപ വികസന ഫണ്ടാണ്. ഈ പ്രോജക്ട് സ്പിൽ ഓവറായി ഈ വർഷം തുടരുന്നുവെങ്കിലും തുക കണ്ടെത്താൻ ബുദ്ധിമുട്ടാണ്. അതിനാൽ 2017-18 -ൽ നഗരസഭയുടെ അടിസ്ഥാന വികസനത്തിന് അനുവദിച്ച 1.00 കോടി രൂപ ക്യാരിഓവർ ചെയ്ത് ഈ വർഷം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.23 കണ്ണൂർ ജില്ലാ കളക്ടറുടെ 27.06.2018-ലെ 360/18/DPC/DPO/KNR നമ്പർ കത്തു പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയങ്ങൾ**

**(i) കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്**

**കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2018-ലെ A2/10/18-ാം നമ്പർ കത്ത് (LSGD - DA1/615/18-LSGD) - SRG725/18.**

2018- 19 ലെ വാർഷിക പദ്ധതിയിലെ മഴൂർ ഗവ. എൽ.പി. സ്കൂളിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയുള്ള പ്രോജക്ട് ഡി.പി.സി നിരസിച്ചു. (പ്രോ.നം. 125/19 - അടങ്കൽ 4.00 ലക്ഷം രൂപ) ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**(ii) എരുവേശ്ശി ഗ്രാമപഞ്ചായത്ത്**

**എരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2018-ലെ A2/252610/18-ാം നമ്പർ കത്ത് (LSGD - DA1/615/18-LSGD) - SRG725/18.**

2017-18 വർഷം ''പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം'' എന്ന പ്രോജക്ടിന് 54,50,000/- രൂപ വകയിരുത്തി പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 174/18 CFC 14.00 ലക്ഷം രൂപ, വികസനഫണ്ട് 1.50 ലക്ഷം രൂപ, ജില്ലാ പഞ്ചായത്തു വിഹിതം 39.00 ലക്ഷം രൂപ) ഈ വർഷം സ്പിൽഓവറായി തുടരുന്നു. കാറ്റഗറി 2-ൽ ഉൾപ്പെടുത്താനാണ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ നിർദ്ദേശിച്ചിരിക്കുന്നത്. മതിയായ ഫണ്ട് ഇല്ലാത്തതിനാൽ ഇത് കാറ്റഗറി 1 -ൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.24 ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ (TRYSF) മാനേജിംഗ് ട്രസ്റ്റിയുടെ 09.05.2018-ലെ TRYSF/132/2018-ാം നമ്പർ കത്ത്**

സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലേയും 1 മുതൽ 7 വരെ പഠിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയമായ കായിക പരിശീലനവും വ്യായാമമുറകളും അഭ്യസിപ്പിക്കുന്നതിനുള്ള ഏജൻസിയായി ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ (TRYSF) അംഗീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗം ആരായേണ്ടതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.25 മട്ടന്നൂർ നഗരസഭ**

**മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെ 14.05.2018-ലെ R2-3979/18-ാം നമ്പർ കത്തും 14.05.2018-ലെ 23-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD - DB3/143/2018 - LSGD)**

നഗരസഭയിൽ മട്ടന്നൂർ ഗവ.യു.പി.എസ്., പഴശ്ശി ഗവ. എൽ.പി.എസ്, പി.ആർ. ബഡ്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് 'കിയാൽ' നൽകിയ CSR ഫണ്ട് മുഖേന വാഹനം വാങ്ങി നൽകിയിരുന്നു. ഇതിന്റെ പരിപാലന ചുമതല സ്കൂളിനു വഹിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ നഗരസഭയ്ക്ക് വഹിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** തനതുഫണ്ടുപയോഗിക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

## 4.26 പാണ്ടനാട് ഗ്രാമപഞ്ചായത്ത്

**പാണ്ടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.08.2018-ലെ A3-2500/2018(2) -ാം നമ്പർ കത്തും28.08.12 ലെ 2-ാം നമ്പർ ഭരണ സമിതി തീരുമാനവും**

പ്രളയക്കെടുതിയിൽ പഞ്ചായത്തിലെ സെർവർ, 12 മറ്റു കമ്പ്യൂട്ടറുകൾ, ഫോട്ടോ സ്റ്റാറ്റ് മെഷീൻ, 2 യു.പി.എസ്. 7 പ്രിന്ററുകൾ, 3 ഇൻറർനെറ്റ് മോഡം, സ്കാനർ, ടെലിഫോണുകൾ, മറ്റു ഉപകരണങ്ങൾ തുടങ്ങിയവ ഓഫീസിൽ വെള്ളം കയറി നശിച്ചു. ഇവ വാങ്ങുന്നതിന് 10.00 ലക്ഷം പ്രത്യേക ഫണ്ടായി അനുവദിക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** (i) വെള്ളപ്പൊക്കത്തിൽ നശിച്ച സാധനങ്ങളിൽ റിപ്പയറിംഗ് നടത്താവുന്നത് റിപ്പയർ ചെയ്യാനും ആവശ്യമുള്ളത് പുതിയതു വാങ്ങാനും തനത് ഫണ്ടോ വികസനഫണ്ടോ (ജനറൽ) ഉപയോഗിക്കാൻ അനുമതി നൽകുന്നു.

(ii) പ്രത്യേക ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് പൊതു തീരുമാനം ഖണ്ഡിക 3.27 ബാധകമാണ്.

(iii) **നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

## 4.27 അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

**അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.08.2018-ലെ DB3-753/2012/CE/തസ്വഭവ നമ്പർ കത്തും.**

അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിനായി പണിത കെട്ടിടത്തിൽ ഇന്റീരിയർ പ്രവൃത്തികൾക്കായി 2015-16-ൽ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. പ്രോ.നം. 197/16 - അടങ്കൽ 25.00 ലക്ഷം രൂപ. AE നേരിട്ട് നടപ്പാക്കുന്ന രീതിയിലുള്ള പ്രോജക്ട് ഭേദഗതി ചെയ്ത് ടെണ്ടർ രീതിയിലാക്കി. 19.01.2016-ൽ സാങ്കേതികാനുമതിയും 15.02.2016-ൽ ജില്ലാ ആസൂത്രണസമിതി അംഗീകാരവും വാങ്ങി. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ ശ്രീ. ശ്രീധരൻ എന്ന വ്യക്തി മുഖേന പ്രവൃത്തി ആരംഭിച്ചു പൂർത്തിയാക്കി. കരാർ നടപടി പാലിക്കാതെ പ്രവൃത്തി നേരിട്ടു നടത്തിയതിനാൽ തുക നൽകാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. (പ്രോ.നം. 445/19 - അടങ്കൽ 20 ലക്ഷം)

അതിനാൽ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക പ്രവൃത്തി ചെയ്തയാൾക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശമനുസരിച്ചാണ് പ്രവർത്തി ചെയ്തതെന്നും നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും യോഗം വിലയിരുത്തി. ഇത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.28 എടയ്ക്കാട്ട് വയൽ ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്തു ഡയറക്ടറുടെ 17.08.2018-ലെ J1-21362/18-ാം നമ്പർ കത്തും എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.06.2018-ലെ A4-1884/17-ാം നമ്പർ കത്തും 22.05.2018-ലെ 1(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 745/18)**

റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.29 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 20.08.2018-ലെ 475/2018/DPC/DPO/KSD നമ്പർ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.08.2018 ലെ C4-1567/18-ാം നമ്പർ കത്ത്- (SRG/731/18)**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാസറഗോഡ് ചെറു വിമാനത്താവളം പ്രാരംഭ ചെലവ് എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.30കൊല്ലം ജില്ലാ കളക്ടർ 08.08.2018-ലെ Plg. 1623/18/DPO/KLM/CC നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു സമർപ്പിച്ചിരിക്കുന്നു.(SRG 624/18)**

**(i) കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ A13 - 598(3)/-18-ാം നമ്പർ കത്ത്**

2017-18-ലെ ശാസ്താംകോട്ട ഹരിതതീരം എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. പ്രോ.നം. 938/19- അടങ്കൽ 16.00 ലക്ഷം രൂപ. ഈ പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. 50,000/ രൂപയിൽ താഴെയുള്ള പ്രവർത്തികൾ മാത്രമേ ഗുണഭോക്തൃസമിതി മുഖേന ചെയ്യാവൂ

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**(ii) കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ A13 - 598(2)/-18-ാം നമ്പർ കത്ത്**

കൊല്ലം ജില്ലാ പഞ്ചായത്ത് ജില്ലാ വെറ്റിനറി കേന്ദ്രത്തോടു ചേർന്ന് വെറ്ററിനറി മെഡിക്കൽ സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്കാവശ്യമായ മരുന്ന് ക്വട്ടേഷൻ കൂടാതെ ജില്ലാ പഞ്ചായത്തിന്റെ വെറ്ററിനറി സ്റ്റോറുകളിൽ നിന്ന് വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്മേൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ അഭിപ്രായമാരാഞ്ഞ് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിയ്ക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**(iii) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 30.07.2018-ലെ H8/25709/10-ാം നമ്പർ കത്ത്**

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം സ്പിൽഓവർ പ്രോജക്ടായി തുടരുന്നുണ്ട്. (പ്രോ.നം. 856/19) ഈ പ്രോജക്ടിൽ ശുചിത്വ മിഷൻ വിഹിതം 1,83,85,500/- രൂപ ആയിരുന്നുവെങ്കിലും തെറ്റായി 1,00,00,000/- രൂപ എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 1,83,85,500/- രൂപ എന്ന് പ്രോജക്ടിൽ തിരുത്താനോ അധികമായി 83,85,500/- രൂപ ചെലവഴിക്കാനോ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അധിക തുക കൂടിച്ചേർത്ത് പ്രോജക്ട ഭേദഗതി ചെയ്യാൻ ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. നെ ചുമതലപ്പെടുത്തുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.**

**(iv) തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്**

**തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2018-ലെ C4-920/18-ാം നമ്പർ കത്ത് 11.04.2018-ലെ 2(5)-ാം നമ്പർ ഭരണസമിതി തീരുമാനവും**

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൈക്കിൾ (പ്രോ.നം.32/19 അടങ്കൽ 1.00 ലക്ഷം രൂപ), പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ (പ്രോ.നം.54/19. അടങ്കൽ 1.00 ലക്ഷം രൂപ) എന്നീ പ്രോജക്ടുകൾ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.31 പനങ്ങാട് ഗ്രാമപഞ്ചായത്ത്

**പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.03.2017-ലെ A3-12936/17-ാം നമ്പർ കത്തും തുടർന്നുള്ള 15.07.2018-ലെ പരാതിയും ( LSGD - DA1/598/2018 - LSGD) - (SRG 726/18)**

പഞ്ചായത്തിലെ ലക്ഷ്മിക്കുട്ടി - ബാലൻ വടക്കെപ്പറമ്പിൽ ദമ്പതിമാരുടെ മകളുടെ വിവാഹത്തിന് ധനസഹായത്തിന് അപേക്ഷിച്ചെങ്കിലും സഹായം ലഭിച്ചില്ല. കുട്ടിയുടെ പിതാവ് പട്ടികജാതി വിഭാഗത്തിലും മാതാവ് ഒ.ബി.സി. വിഭാഗത്തിലും പെട്ടതാണ്. ഇവർക്ക് ധനസഹായം നൽകാവുന്നതാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) സമുദായം സംബന്ധിച്ച് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതാണ്.

2) ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുപകരം ഇതിന്മേൽ സ്പഷ്ടീകരണം ആരാഞ്ഞ് കാലതാമസം വരുത്തിയ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി പരിശോധിച്ച് ഉചിതമായ നടപടി വകുപ്പുതലത്തിൽ എടുക്കാൻ നിർദ്ദേശിക്കുന്നു. ഈ ഫയലിന്മേൽ വകുപ്പുതലത്തിൽ കാലതാമസം വന്നതും പരിശോധിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.32 ശ്രീകണ്ഠപുരം നഗരസഭ

**നഗരകാര്യ ഡയറക്ടറുടെ 10.05.2018-ലെ DC3-9762/18-ാം നമ്പർ കത്തും ശ്രീകണ്ഠപുരം നഗരസഭാ ചെയർമാന്റെ 17.04.2018-ലെ A2 - 9977/16-ാം നമ്പർ കത്തും (LSGD - DA1/593/2018 - LSGD - 727/18) (SRG 727/18)**

പുതിയ നഗരസഭ എന്ന നിലയിൽ അടിസ്ഥാന വികസനത്തിന് 1.00 കോടി രൂപ 2017-18-ൽ അനുവദിച്ചിരുന്നു. ഇതനുസരിച്ച് മൂന്നു പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. തുക ചെലവഴിച്ചില്ല. സ്പിൽഓവറായി തുടരുന്ന ഈ പ്രോജക്ടുകൾ നടപ്പാക്കാൻ ഈ വർഷം പ്രത്യേകമായി 1.00 കോടി രൂപ അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

4.33 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക നൽകിയിരിക്കുന്നു. ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 6-3235/18-ാം നമ്പർ കത്തുകളും (3 എണ്ണം)**

(i) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | പ്രോ.നം.532/18 | ജൈവ വാഴക്കൃഴി (വനിത) | അടങ്കൽ 30.00 ലക്ഷം രൂപ |
| (ii) | പ്രോ.നം. 527/18 | ജൈവ പച്ചക്കറി കൃഷി (വനിത) | അടങ്കൽ 20.00 ലക്ഷം രൂപ |

**തീരുമാനം :-** കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന നടത്തണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(ii) വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കലാ അവതരണ രംഗത്ത് തൽപരരായ കുടുംബശ്രീ അംഗങ്ങളായ 50 പേരടങ്ങുന്ന കലാ ഗ്രൂപ്പ് രൂപീകരിച്ച് താഴെപ്പറയുന്ന നൂതന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

പ്രോ.നം.533/19 വനിത തിയേറ്റർ ഗ്രൂപ്പ് (വനിത) അടങ്കൽ 35.00 ലക്ഷം രൂപ

**തീരുമാനം :-** ഇതിന്റെ പ്രവർത്തനമടക്കമുള്ള വിശദാംശങ്ങൾ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച റിപ്പോർട്ട് നൽകണം. കൂടാതെ പ്രോജക്ട അടങ്കൽ കുറയ്ക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(iii) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന സ്പന്ദനം എന്ന പേരിൽ താഴെപ്പറയുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടാണ്. നിർവഹണ ഉദ്യോഗസ്ഥൻ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ. കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ഒക്യുപേഷണൽ തെറാപ്പി, , സൈക്കോളജി, യോഗ, സ്പീച്ച് തെറാപ്പി, ലേണിംഗ് അസസ്മെന്റ് & റെമഡിയൽ ട്രെയിനിംഗ് തുടങ്ങിയവയാണ് നൽകുന്ന സേവനങ്ങൾ. ഇത്തരം സേവനം നൽകുന്നതിന് വിദഗ്ദ്ധരെ വെളിയിൽ നിന്നെടുത്ത് ഓണറേറിയം/ വേതനം നൽകുന്നു. ഈ പ്രോജക്ട് ഈ വർഷം നടപ്പാക്കാൻ അനുമതി നൽകണമെന്നും ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകുന്നതിനു പകരം വരും വർഷങ്ങളിലും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

പ്രോ.നം.135/19    സ്പന്ദനം    അടങ്കൽ 70.00 ലക്ഷം രൂപ

**തീരുമാനം :-** (i) തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി അനുമതി നൽകുന്നു.

(ii) ഈ പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.34ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.07.2018-ലെ 1257/2018/RO1/DPM നമ്പർ കത്തും ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2018-ലെ A2-1754/2018-ാം നമ്പർ കത്തും (LSGD - FM3/341/2018-LSGD)**

2018-19 വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി കുടിവെള്ള വിതരണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട് (പ്രോ.നം. 70/19 - അടങ്കൽ 3.00 ലക്ഷം രൂപ). ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

## 4.35 വടവുകോട് പുത്തൻകുരിശ്ശ് ഗ്രാമപഞ്ചായത്ത്

**വടവുകോട് പുത്തൻകുരിശ്ശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2018-ലെ A4 - 6386/13-ാം നമ്പർ കത്ത്. (LSGD - DA1/560/18/LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.കുട്ടാപ്പു.സി.കെ ചെറുകുഴിയിൽ എന്ന ആളുടെ മകളുടെ വിവാഹം 13.12.2017-ൽ നടന്നുവെങ്കിലും വിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയത് 90 ദിവസത്തിനുശേഷമാണ് കാലതാമസം വന്നത് ഒഴിവാക്കി വിവാഹ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.36 പാങ്ങോട് ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.08.2018-ലെ Plg. - 220/2018-19/DPC/DPO/തിരു-CC നമ്പർ കത്തും പാങ്ങോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.08.2018-ലെ A2-6669/18-ാം നമ്പർ കത്തും. (SRG 733/18)**

പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഹോമിയോ മെഡിക്കൽ ഓഫീസർക്ക് പുതിയ DDOകോഡും , ബിൽ ബുക്കും നെടുമങ്ങാട് ട്രഷറി ഓഫീസിൽ നിന്നും ലഭിച്ചില്ല. പ്രത്യേക സർക്കാർ ഉത്തരവുണ്ടെങ്കിലേ നൽകാൻ കഴിയൂ എന്ന് ട്രഷറിയിൽ നിന്ന് അറിയിച്ചതനുസരിച്ച് സർക്കാർ ഉത്തരവുണ്ടാകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.37 ചെമ്മരുതി ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഡയറക്ടറുടെ 21.07.2018-ലെ കത്തും ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.06.2018-ലെ A1-1888/2018-ാം നമ്പർ കത്തും (LSGD-DB3/164/2018-LSGD)**

2018-19 വാർഷിക പദ്ധതിയിൽ തെരുവുവിളക്ക് പരിപാലനത്തിന് 8.00 ലക്ഷം രൂപ (പ്രോ.നം.130/19) തനത് ഫണ്ടിൽ നിന്ന് ഉൾപ്പെടുത്തി പുതിയ നാലു ചക്ര വാഹനം വാങ്ങാനുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.38 മണിമല ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 09.08.2018-ലെ 490/18/DPC/DPO/KM നമ്പർ കത്തും മണിമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018-ലെ A1- 103/18-ാം നമ്പർ കത്തും.**

2017-18-ലെ താഴെപ്പറയുന്ന പ്രോജക്ടുകൾ 2018-19-ൽ സ്പിൽ ഓവറായി തുടരുന്നു. ടെണ്ടർ നടത്തി എഗ്രിമെന്റ് വയ്ക്കാത്ത ഈ പ്രോജക്ടുകൾ കാറ്റഗറി 1-ൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| (i) പ്രോ.നം.4/19 | തെരുവുവിളക്ക് സ്ഥാപിക്കൽ | അടങ്കൽ 2,50,000/- രൂപ (CFC Fund) |
| (ii) പ്രോ.നം.6/19 | തെരുവുവിളക്ക് മെയിന്റനൻസ് | അടങ്കൽ 1,00,000/- രൂപ (CFC Fund) |
| (iii) പ്രോ.നം.270/19 | പ്ലാസ്റ്റിക് കളക്ഷൻ സെന്റർ സ്ഥാപിക്കൽ | അടങ്കൽ 2,65,000/- രൂപ (CFC Fund) |

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.39 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

**വയനാട് ജില്ലാ കളക്ടറുടെ 20.08.2018-ലെ 1/18/DPC/DPO/wayanad -നമ്പർ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ കത്തും (SRG 710/18)**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. മാർഗ്ഗരേഖ പ്രകാരം ഇ-ടെണ്ടർ ചെയ്യേണ്ട ഈ പ്രോജക്ടുകൾ മാന്വൽ ടെണ്ടർ ആണ് നടത്തിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1) 26/18 | കത്താത്ത തെരുവുവിളക്കുകൾ മാറ്റി LED ബൾബുകൾ സ്ഥാപിക്കുക | 10,98,000(CFC) | പഞ്ചായത്ത് സെക്രട്ടറി |
| 2) 246/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ | 14,00,000(TSP) | മുണ്ടകുന്ന് GLPസ്കൂൾ എച്ച്.എം |

| | | | |
|---|---|---|---|
| 3) 242/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബാഗ്, കുട വിതരണം | 5,68,000(TSP) | മുണ്ടകുന്ന് GLPസ്കൂൾ എച്ച്.എം |

**തീരുമാനം :-** (i) 5.00 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾ മാത്രമാണ് മാന്വൽ ടെണ്ടർ ചെയ്യാവുന്നത്. 5.00 ലക്ഷത്തിലധികം അടങ്കലുള്ള പ്രോജക്ട് ഇ-ടെണ്ടർ ചെയ്യണമെന്നിരിക്കെ മാന്വൽ ടെണ്ടർ ചെയ്തത് ഗുരുതര വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

(ii) ഇത് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട്ട തീരുമാനമെടുക്കുന്ന താണ്

(iii) **നടപടി- തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്**

## 4.40 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്ത്. (SRG/653/18)**

2017-18-ൽ അനുപൂരക പോഷകഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്കു മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ധന വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് ഇത് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.41കൊടുങ്ങല്ലൂർ നഗരസഭ

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(4) -ാം നമ്പർ കത്തും കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാന്റെ 27.07.2018-ലെ 15202/18-ാം കത്തും. (SRG 676/18)**

നഗരസഭ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടേയും വെറ്റിംഗ് ഓഫീസറുടേയും അംഗീകാരം ലഭിച്ചിട്ടുണ്ട്. 65 വയസ്സിലധികം പ്രായമുള്ള 266 ഗുണഭോക്താക്കൾക്ക് യൂറോപ്യൻ ക്ലോസറ്റ്(യൂണിറ്റ് ചെലവ് 3,000/- രൂപ) വാങ്ങി നൽകുകയും ഇതിന്റെ ഇൻസ്റ്റലേഷൻ ചാർജായി 3000/- രൂപയും നൽകാനാണ് പ്രോജക്ട്. ഇതിന് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

(i) പ്രോ.നം. 342/19 -വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ്

അടങ്കൽ 15,96,000/-രൂപ

**തീരുമാനം :-** ക്ലോസറ്റ് വാങ്ങി നൽകുന്നതിനു പകരം ഗുണഭോക്താവു തന്നെ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്ന രീതി അവലംബിക്കേണ്ടതാണ്. ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നാക്കം നൽകുന്നവരായിരിക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

(ii) പ്രോ.നം. 26/19 - ഇൻ സാനിറ്ററി ടോയ് ലറ്റ് ഉപയോഗിക്കുന്നവർക്ക് സാനിറ്ററി ടോയ് ലറ്റ് - അടങ്കൽ 12,32,000/- രൂപ

കക്കൂസ് നിർമ്മിക്കുന്നതിന് 15,400/- രൂപ നിരക്കിൽ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

(iii) പ്രോ.നം. 42/19 - കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -

അടങ്കൽ 3,00,000/- രൂപ

വർഷംതോറും കോക്ലിയർ മെയിന്റനൻസിന് 50,000/-രൂപ വീതം 6 ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.29ബാധകമാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

(യോഗം ഉച്ചയ്ക്ക് 1.30 മണിക്ക് അവസാനിച്ചു)

**********

**യോഗത്തിൽ പങ്കെടുത്തവർ**

1 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 മെമ്പർ സെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
3 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
4 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
5 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6 ഡയറക്ടർ, നഗരകാര്യ വകുപ്പ്
7 ഗ്രാമവികസന കമ്മീഷണർ
8 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9 ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
13 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
14 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
15 സി.ഇ.ഒ, ലൈഫ് മിഷൻ (പ്രതിനിധി)
16 ഡയറക്ടർ, വുമൺ ആന്റ് ചൈൽഡ് ഡെവലപ്മെന്റ്
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
18 ഡയറക്ടർ, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്